എൻ3/127299/15 പി.എച്ച്.ക്യു
പോലീസ് ആസ്ഥാനം
കേരള, തിരുവനന്തപുരം
തീയതി: 5 /08/2015

## സർക്കുലർ നം.31

വിഷയം:- ജി.പി.എഫ് അപേക്ഷകളിന്മേൽ യഥാസമയം തീർപ്പു കൽപ്പിക്കുന്നതു സംബന്ധിച്ച്.

സൂചന:- 07.02.2012 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ (പി) 94/2012/ഫിൻ

........

ജനറൽ പ്രോവിഡന്റ് ഫണ്ടിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള അപേക്ഷകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കുന്നില്ലായെന്ന് വ്യാപകമായ ആക്ഷേപം ഉയർന്നിട്ടുണ്ട്. ആയതിനാൽ ജനറൽ പ്രോവിഡന്റ് ഫണ്ടിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള അപേക്ഷകൾ യഥാസയം തീർപ്പു കൽപ്പിക്കുന്നതിനുവേണ്ടി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഇതിനാൽ പുറപ്പെടുവിക്കുന്നു.

1. ജനറൽ പ്രോവിഡന്റ് ഫണ്ടിൽ നിന്നും താല്ക്കാലിക വായ്പക്കുള്ള ശരിയായ വിധത്തിലുള്ള അപേക്ഷ ആഫീസിൽ ലഭിച്ചാൽ ആയത് പരിശോധിച്ച് 10 ദിവസത്തിനുള്ളിൽ അപേക്ഷകന് വായ്പ അനുവദിച്ച് ട്രഷറിയിൽ നിന്നും തുക മാറി നൽകേണ്ടതാണ്.
2. ജനറൽ പ്രോവിഡന്റ് ഫണ്ടിൽ നിന്നും താല്ക്കാലിക വായ്പ/തിരിച്ചടക്കേണ്ടാത്ത വായ്പക്കുള്ള അപേക്ഷകളിൽ അതത് ആഫീസുകളിൽ അനുവദിക്കാവുന്ന പരിധിക്കപ്പുറമുള്ള അപേക്ഷകൾ എല്ലാ നടപടികളും പൂർത്തിയാക്കി ടി തുക അനുവദിക്കാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് 5 ദിവസത്തിനുള്ളിൽ അയക്കേണ്ടതാണ്.

3. ജനറൽ പ്രോവിഡന്റ് ഫണ്ടിൽ നിന്നും തിരിച്ചടക്കേണ്ടാത്ത വായ്പക്കുള്ള അപേക്ഷ ലഭിച്ചാൽ ആയത് പരിശോധിച്ച് നടപടികൾ പൂർത്തിയാക്കി 5 ദിവസത്തിനുള്ളിൽ അക്കൗണ്ടന്റ് ജനറലിന് അയക്കേണ്ടതാണ്. ആയത് അനുവദിച്ച് അക്കൗണ്ടന്റ് ജനറൽ ആഫീസിൽ നിന്നും ഉത്തരവ് ലഭിച്ചാൽ അടുത്ത ദിവസം തന്നെ അനുവദിച്ച തുക ട്രഷറിയിൽ നിന്നും മാറി നൽകേണ്ടതാണ്.

4. ജനറൽ പ്രോവിഡന്റ് ഫണ്ടിൽ നിന്നും താല്ക്കാലിക വായ്പയെടുത്തതിനുശേഷം ആയവ തിരിച്ചടക്കേണ്ടാത്ത വായ്പയായി മാറ്റുന്നതിന് അപേക്ഷകൾ ആയവ ലഭിച്ചതുമുതൽ 5 ദിവസത്തിനുള്ളിൽ എല്ലാ നടപടികളും പൂർത്തീകരിച്ച് അക്കൗണ്ടന്റ് ജനറലിന് അയച്ചുകൊടുക്കേണ്ടതാണ്.

5. മേൽ കാണിച്ചിരിക്കുന്ന കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി താഴെ പറയുന്ന മാതൃകയിൽ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിന്റെ അതാത് മാസത്തെ കാര്യങ്ങൾ രേഖപ്പെടുത്തിയ പേജിന്റെ പകർപ്പ് അടുത്ത മാസം 10-ാം തീയതിക്കു മുമ്പായി പോലീസ് ആസ്ഥാനത്തേക്ക് അയച്ചിരിക്കേണ്ടതുമാണ്.

| സീരിയൽ നം | അപേക്ഷകന്റെ പേരും നമ്പരും ഉദ്യോഗസ്ഥ നമ്പരും | അപേക്ഷ ലഭിച്ച തീയതി | വായ്പയുടെ തരം തിരിവ് | അനുവദിച്ച തീയതി | എൻആർഎആണെങ്കിൽ എ.ജി.ക്ക് അയച്ച തീയതി | എ.ജി. യിൽ നിന്നും ഉത്തരവ് കിട്ടിയ തീയതി | തുക മാറി നൽകിയ തീയതി | തുക മാറി നൽകാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിന്റെ കാരണം |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |

ഈ സർക്കുലർ അതാത് യൂണിറ്റിന്റെ കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥരെയും അറിയിക്കുകയും എല്ലാപേരും ശ്രദ്ധിക്കപ്പെടുന്ന തരത്തിൽ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

ഒപ്പ്
**സംസ്ഥാന പോലീസ് മേധാവി**

കോപ്പി ; ലിസ്റ്റ് ബിയിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും അറിവിനും മേൽ നടപടികൾക്കുമായി
പി.എച്ച.ക്യുവിലെ എല്ലാ സി.എമാർക്കും
പി.എച്ച്.ക്യുവിലെ എല്ലാഎസ്സ്.എസ്സ്/ജെ.എസ്സ് മാർക്കും
മാനേജർ/ അക്കൗണ്ട്സ് ഓഫീസർ/ സീനിയർ ഫിനാൻസ് ഓഫീസർ
സർക്കുലാർ ബുക്ക്/സ്റ്റോക്ക് ഫയൽ

/അംഗീകാരത്തോടെ/

അക്കൗണ്ട്സ് ഓഫീസർ
പി.എച്ച്.ക്യു

ഇ.ആർ 5/8